വർഷം	അബ്കാരി കേസുകളുടെ എണ്ണം	തൊണ്ടി സാധനങ്ങളുടെ വിവരങ്ങൾ					
		സ്പിരിറ്റ്	ചാരായം	വിദേശ മദ്യം	കള്ള്	അരിഷ്ടം	ബിയർ
2014	13676	34433	3016	35350	10551	10384	4263
2015 മേയ് വരെ	6085	6837	1385	14742	3126	4736	1410

(ഇ) 2014-15 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് എക്സൈസ് വഴിയുള്ള വരുമാനം 1778.07 കോടി രൂപയാണ്. ബഡ്ജറ്റ് പ്രകാരം തന്നാണ്ടിൽ (2015-16) പ്രതീക്ഷിക്കുന്ന വരുമാനം 2600.66 കോടി രൂപയാണ്.

പുതിയ മദ്യനയം

69 (1773) ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ മദ്യനിരോധനം ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കുന്നുണ്ടോ ;

(ബി) പുതിയ സാഹചര്യത്തിൽ മദ്യനയത്തിൽ കാലോചിതമായ മാറ്റം വരുത്തുമെന്ന് സർക്കാർ കേരള ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ മാറ്റം സംബന്ധിച്ച് വിശദമാക്കാമോ ;

(സി) മദ്യനയം രൂപീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലും ഉടക്കം മുതലേ കെടുകാര്യസ്ഥതകളും പാളിച്ചകളും സംഭവിച്ചതായുള്ള വിമർശനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉറച്ചതും ശാസ്ത്രീയവും സുതാര്യവുമായ ഒരു മദ്യനയവും അതിനനുസൃതമായ നടപടികളും സ്വീകരിക്കാൻ സർക്കാരിനുദ്ദേശ്യമുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള 10 വർഷംകൊണ്ട് ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറയ്ക്കുന്നതിന് അനവധി പദ്ധതികൾ സ്വീകരിച്ചുവെങ്കിലും മദ്യം കേരളത്തിന്റെ സാമൂഹ്യ വിപത്തായി തുടരുകയാണ് എന്ന് ബോധ്യപ്പെടുകയുണ്ടായി. ഇതിനെ തുടർന്നാണ് മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ "മദ്യരഹിത കേരളം" എന്ന മഹത്തായ ലക്ഷ്യം സർക്കാർ വിഭാവനം ചെയ്യുന്നത്.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വ്യക്തമായ കാഴ്ചപ്പാടുള്ളതും ഉറച്ചതും സുതാര്യവുമായ ഒരു മദ്യനയം തന്നെയാണ് സർക്കാർ നടപ്പിലാക്കി വരുന്നത്.

ബാർ ലൈസൻസ്

70 (1774) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത ബാറുകളിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ)ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 64 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത ബാറുകളിൽ 8 ബാറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.